ട്രാൻസ്പോർട്ട് കമ്മീഷണറേറ്റ്, കേരളം,
രണ്ടാം നില, ട്രാൻസ് ടവേഴ്സ്, വഴുതക്കാട്, തിരുവനന്തപു- 14,
[☎0471-2333337/2333317 ഫാക്സ് 0471-2333314]
www.mvd.kerala.gov.in [ഇ-മെയിൽ - tcoffice@keralamvd.gov.in ]
തീയ്യതി:-19/06/2019

എം3/90529/റ്റിസി/2019

# വാഹന ലേല പരസ്യം

കെഎൽ-01-എ.എൻ-1351 നമ്പർ വാഹന നിബന്ധനകൾ

1. ലേലത്തിൽ പങ്കെടുക്കുന്നവർ 2000/- രൂപ (രൂപ രണ്ടായിരം മാത്രം) നിരതദ്രവ്യമായി കെട്ടിവയ്ക്കേണ്ടതാണ്.

2. ലേലം ആരംഭിക്കുന്നതിനു മുൻപ് ടെണ്ടറുകൾ സ്വീകരിക്കുന്നതാണ്. എന്നാൽ ലേലത്തിൽ പങ്കെടുക്കുവാൻ ടെണ്ടർ നിർബന്ധമില്ല. ഓരോ ടെണ്ടറിനോടൊപ്പവും ടെണ്ടർ തുകയുടെ 25 ശതമാനത്തിൽ കുറയാത്ത തുകയ്ക്കുള്ള ഇന്നുമുതൽ മൂന്ന് മാസത്തിൽ കുറയാത്ത കാലാവധിയുള്ള ട്രാൻസ്പോർട്ട് കമ്മീഷണർ തിരുവനന്തപുരത്തിന്റെ പേരിലുള്ള ബാങ്ക് ഡ്രാഫ്റ്റ് അടക്കം ചെയ്തിരിക്കേണ്ടതാണ്.

3. ഏറ്റവും കൂടുതൽ തുകയ്ക്ക് ലേലം വിളിക്കുന്ന/ടെണ്ടർ നൽകുന്ന വ്യക്തിയുടെ പേരിൽ ലേലം താൽക്കാലികമായി ഉറപ്പിച്ച് നൽകുന്നതും ഒന്നിൽ കൂടുതൽ ആളുകൾ ഒരേ തുകയ്ക്ക് ടെണ്ടർ നൽകുകയോ അല്ലെങ്കിൽ ടെണ്ടർ തുകയും ഒന്നാകുകയോ ചെയ്താൽ നറുക്കെടുപ്പിലൂടെ ടെണ്ടർ/ലേലം ഉറപ്പിക്കുന്നതാണ്.

4. ഏറ്റവും കൂടുതൽ തുകയ്ക്ക് ലേലം വിളിക്കുന്ന/ടെണ്ടർ നൽകുന്ന വ്യക്തിയുടെ പേരിൽ ലേലം താൽക്കാലികമായി ഉറപ്പിച്ച് നൽകുന്നതും ടിയാൻ ഉടൻ തന്നെ ലേല തുക മുഴുവനായും ജി.എസ്.ടി-യും കൂടി ചേർത്ത് കെട്ടിവയ്ക്കേണ്ടതാണ്. ലേലത്തിൽ പരാജയപ്പെടുന്നവർ നിരതദ്രവ്യം അതേ ദിവസം ലേലം അവസാനിക്കുമ്പോൾ തന്നെ തിരികെ കൈപ്പറ്റേണ്ടതാണ്.

5. മേലധികാരി ലേലം സ്ഥിരപ്പെടുത്തി അറിയിക്കുന്ന മുറയ്ക്ക് ലേല തുകയും ജി.എസ്.ടി-യും ചേർത്ത് അപ്പോൾ തന്നെ കെട്ടിവച്ച് ലേലം കൊണ്ടയാൾ 15 ദിവസത്തിനകം സ്വന്തം ചെലവിൽ വാഹനം കൊണ്ട്പോകേണ്ടതാണ്.

6. കേരള മോട്ടോർ വാഹന വകുപ്പിന്റെ അധീനതയിലുള്ള കെ.എൽ-01-എ.എൻ-1351 എന്ന 2006 വർഷത്തിൽ നിർമ്മിക്കപ്പെട്ട മഹീന്ദ്ര ബൊലേറൊ വാഹനം വഴുതയ്ക്കാടിലുള്ള ട്രാൻസ് ടവറിലാണ് സൂക്ഷിച്ചിരിക്കുന്നത്. ട്രാൻസ്പോർട്ട് കമ്മീഷണറേറ്റ്, വഴുതയ്ക്കാട്, തിരുവനന്തപുരത്തിന്റെ കാര്യാലയത്തിൽ (ഫോൺ നമ്പർ 0471-2333337/2333317) വച്ച് ടി വാഹനം 17/07/2019 രാവിലെ 11 മണിയ്ക്ക് നിലവിലുള്ള ലേല വ്യവസ്ഥകൾക്ക് വിധേയമായി പരസ്യമായി ലേലം ചെയ്തു വിൽക്കുന്നതാണ്.

7. മേൽപടി വാഹനത്തിൻമേൽ ലേലം സ്ഥിരപ്പെടുത്തുന്ന തീയതി വരെയുള്ള വാഹന നികുതിയൊഴികെയുള്ള യാതൊരു നികുതി ബാധ്യതകൾക്കും ഡിപ്പാർട്ട്മെന്റ് ഉത്തരവാദിയായിരിക്കുകയില്ല. വാഹനം ഇപ്പോഴുള്ള നിലയിലും അവസ്ഥയിലും ആയിരിക്കും വിൽക്കുന്നത്. ലേല നിബന്ധനകൾ ടി വാഹനത്തിന്റെ രജിസ്ട്രേഷൻ സംബന്ധിച്ച വിവരങ്ങൾ പൊതുജനങ്ങൾക്ക് ഈ ഓഫീസിൽ നിന്നും അറിയാവുന്നതാണ്. വാഹനം നേരിൽ പരിശോധിക്കണമെന്നുള്ളവർക്ക് ബന്ധപ്പെ ഉദ്യോഗസ്ഥരുടെ സാന്നിധ്യത്തിൽ പകൽ രാവിലെ 11 മുതൽ 04 മണി വരെയോ അല്ലെങ്കിൽ ലേല ദിവസം രാവിലെ 10.30 മണിക്കു മുമ്പേയോ പരിശോധിക്കാവുന്നതാണ്.

(ഒപ്പ്/-)
ട്രാൻസ്പോർട്ട് കമ്മീഷണർ
തിരുവനന്തപുരം.

അംഗീകാരത്തോടെ

21/6/19

ജൂനിയർ സൂപ്രണ്ട്